**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ പൻമന ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി. അമ്പിളി. എസ്. ആനന്ദിന് വ്യക്തിപരമായ ആവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.3271/2017/തസ്വഭവ　　　　　　　　　തിരുവനന്തപുരം, തീയതി, 11.10.2017

================================================================

പരാമർശം: 1) 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) ശ്രീമതി. അമ്പിളി. എസ് . ആനന്ദിന്റെ 29.07.2017 ലെ ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 11.08.2017 ലെ ഇ 13-28301/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പൻമന ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി. അമ്പിളി. എസ്. ആനന്ദിന് 15.08.2017 മുതൽ 18 മാസത്തേക്ക് വ്യക്തിപരമായ ആവശ്യത്തിന് ശൂന്യവേതനാവധി അനുവദിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി. അമ്പിളി. എസ്. ആനന്ദ് 01.03.2004 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്കെതിരെ അച്ചടക്കനടപടികളൊന്നും നിലവിലില്ല എന്ന് പൻമന ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യക്തിപരമായ ആവശ്യങ്ങൾക്ക് ദീർഘകാലത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിൽ നിയന്ത്രണമുള്ളതിനാൽ കൊല്ലം ജില്ലയിലെ പൻമന ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി. അമ്പിളി. എസ് . ആനന്ദിന് അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 6 മാസത്തേക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്. വി.പി**

**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, പൻമന ഗ്രാമ പഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി. അമ്പിളി. എസ് . ആനന്ദ്, അക്കൗണ്ടന്റ്, പൻമന ഗ്രാമ പഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ധനവകുപ്പ് (29.07.2017 ലെ റൂൾസ് ബി2/212/17/ധന നമ്പർ കുറിപ്പ്)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(240/ഇപിഎ 1/2017/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ